പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3289 — 23.3.2015-ൽ മറുപടിക്ക്

നഗരസഭകൾക്ക് പദ്ധതികളിൽ സാങ്കേതിക സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.അച്ചുതൻ<br>" ഹൈബി ഈഡൻ<br>" കെ.മുരളീധരൻ<br>" സണ്ണി ജോസഫ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | നഗരസഭകൾക്ക്, പദ്ധതികളിൽ സാങ്കേതിക സഹായം നൽകുന്നതിന് കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. കേന്ദ്രസർക്കാരിന്റെ ജെ.എൻ.എൻ.യു. ആർ.എം പദ്ധതിയിൻകീഴിൽ 'കോംപ്രിഹെൻസീവ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം' എന്ന പേരിൽ നഗരസഭകളുടെ ശാക്തീകരണത്തിന് 4,900.26 ലക്ഷം രൂപ അടങ്കലുള്ള ഒരു പദ്ധതിക്ക് അനുവാദം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആദ്യഗഡു കേന്ദ്രസഹായമായി 12.25 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ നഗരങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം മാറ്റങ്ങളും തയ്യാറെടുപ്പുകളുമാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | നഗരസഭകളുടെ ശാക്തീകരണത്തിനോടൊപ്പം പദ്ധതി നടത്തിപ്പിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനായി 14 ജില്ലാതല റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലുകളും, അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു സംവിധാനവും ഏർപ്പെടുത്തുന്നതിനാണ് മേൽപ്പറഞ്ഞ പദ്ധതി വഴി ഉദ്ദേശിക്കുന്നത്. വികസന പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഇന്റഗ്രേറ്റഡ് സിറ്റി ഡെവലപ്പ്മെന്റ് പ്ലാനുകൾ തയ്യാറാക്കുക, വികസന പദ്ധതികൾക്കായി തയ്യാറാക്കുന്ന ഡി പി ആറുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുക, പ്രോജക്ട് മാനേജ്മെന്റ്, പ്രോജക്ട് മോണിറ്ററിംഗ് തുടങ്ങിയ പ്രവർത്തനങ്ങളിൽ നഗരസഭകളെ സഹായിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും മേൽപ്പറഞ്ഞ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | പ്രസ്തുത നടപടി നഗരസഭകളുടെ വികസന പ്രവർത്തനങ്ങളുടെ വേഗം കൂട്ടാനും കാര്യക്ഷമമാക്കാനും എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ; | (സി) | ഈ പദ്ധതിയിലൂടെ ഓരോ ജില്ലയിലും സ്ഥാപിച്ചിട്ടുള്ള റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലുകളിൽ നിയമിച്ചിട്ടുള്ള സാങ്കേതിക വിദഗ്ദ്ധരുടെ സേവനം വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ നഗരസഭകൾക്കാകും. |

പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന ഇന്റഗ്രേറ്റഡ് സിറ്റി ഡെവലപ്പ്മെന്റ് പ്ലാനുകൾ, സിറ്റി സാനിറ്റേഷൻ പ്ലാനുകൾ എന്നിവയിലൂടെയും വികസന പദ്ധതികൾക്കായി തയ്യാറാക്കുന്ന ഡി പി ആറുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുക; പ്രോജക്ട് മാനേജ്മെന്റ്, പ്രോജക്ട് മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമാക്കുക; നഗരസഭകളുടെ പൊതു ഭരണവും, സർവ്വീസ് ഡെലിവറിയും, വരുമാന വർദ്ധനവും, ധനകാര്യ മാനേജ്മെന്റും കാര്യക്ഷമമാക്കുന്നതിനുള്ള രൂപരേഖകൾ തയ്യാറാക്കുക, ഇതിനാവശ്യമായ പരിശീലനം നഗരസഭാ ജീവനക്കാർക്കും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും നൽകുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെയും നഗരസഭകളുടെ പ്രവർത്തന വേഗം കൂട്ടുന്നതിനും അവ കാര്യക്ഷമമാക്കുന്നതിനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) കേന്ദ്ര സഹായം ഫലപ്രദമായി വിനിയോഗിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു സംസ്ഥാനതല ഉന്നതാധികാര സമിതി രൂപീകരിക്കുകയും ഒരു നോഡൽ ആഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതല റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലിലേക്കും 14 ജില്ലാതല റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലിലേക്കും ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരെ ഇതിനകം നിയമിച്ചിട്ടുണ്ട്. നഗരസഭകളിലെ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഒരു മാനേജ്മെന്റ് സെല്ലും ഐ. എം.ജി ആസ്ഥാനമായി രൂപീകരിച്ചിട്ടുണ്ട്. നഗരവികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന്റെയും ശാക്തീകരണ പ്രക്രിയകൾ നടപ്പാക്കുന്നതിന്റെയും ഭാഗമായി ഇന്റഗ്രേറ്റഡ് സിറ്റി ഡെവലപ്പ്മെന്റ് പ്ലാനുകളും. ബിസിനസ് കം ഫിനാൻഷ്യൽ പ്ലാനുകളും കൂടാതെ ഒരു കപ്പാസിറ്റി ബിൽഡിംഗ് പ്ലാനും പ്രസ്തുത പദ്ധതിയിൻ കീഴിൽ നിലവിൽ തയ്യാറാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ